ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

**DATE: 16.09.2025** **TIME : 07.25 PM**

## പ്രധാന

1. മൗറീഷ്യസ് പ്രധാനമന്ത്രി നവീൻചന്ദ്ര രാംഗൂലം രാഷ്ട്രപതി ദ്രൗപദി മുർമുവുമായി കൂടിക്കാഴ്ച നടത്തി. ഇന്ത്യ-മൗറീഷ്യസ് ഉഭയകക്ഷി ബന്ധം കൂടുതൽ ശക്തമാക്കുമെന്ന് രാഷ്ട്രപതി.
   Mauritian Prime Minister Pravind Kumar Jugnauth meets President Droupadi Murmu; President says India-Mauritius bilateral ties will be further strengthened.
2. രാജ്യത്ത് നിന്ന് മയക്കുമരുന്ന് ശൃംഖലയെ തുടച്ചുനീക്കാൻ കേന്ദ്ര സർക്കാർ പ്രതിജ്ഞാബദ്ധമെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ.
   Centre committed to eradicating drug network from the country, says Union Home Minister Amit Shah.
3. ശുചിത്വ ശീലങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായുള്ള കേന്ദ്രസർക്കാരിന്റെ സ്വച്ഛതാ ഹി സേവ കാമ്പയിന് നാളെ തുടക്കമാകും.
   Centre’s ‘Swachhata Hi Seva’ campaign to promote cleanliness habits to begin tomorrow.

4. തൊഴിൽ രംഗത്തെ കാര്യക്ഷമതയും തൊഴിലാളികളുടെ ക്ഷേമവും വർദ്ധിപ്പിക്കുന്നതിനായി ഡിജിറ്റൽ സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തണമെന്ന് കേന്ദ്ര മന്ത്രി മൻസുഖ് മാണ്ഡവ്യ.

   Digital technology should be leveraged to enhance efficiency and workers' welfare in the employment sector, says Union Minister Mansukh Mandaviya.
5. കേരള പൊലീസിൽ തെറ്റു ചെയ്യുന്ന ഉദ്യോഗസ്ഥരെ സംരക്ഷിക്കില്ലെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. കുറ്റം ചെയ്ത പോലീസ് ഉദ്യോഗസ്ഥരെ പുറത്താക്കണമെന്ന് പ്രതിപക്ഷം.
   No protection for erring police officers in Kerala, says CM Pinarayi Vijayan; Opposition demands dismissal of guilty cops.
6. ഐസിസി വനിതാ ക്രിക്കറ്റ് ഏകദിന ബാറ്റിംഗ് റാങ്കിംഗിൽ ഒന്നാം സ്ഥാനം തിരിച്ചുപിടിച്ച് ഇന്ത്യൻ വൈസ് ക്യാപ്റ്റൻ സ്മൃതി മന്ദാന.
   India vice-captain Smriti Mandhana regains top spot in ICC Women's ODI batting rankings.

*********************

**PREZ- MAURITIUS PM**

മൗറീഷ്യസ് പ്രധാനമന്ത്രി നവീൻചന്ദ്ര രാംഗൂലം ഇന്ന് രാഷ്ട്രപതി ദ്രൗപദി മുർമുവിനെ സന്ദർശിച്ചു. ഇന്ത്യ-മൗറീഷ്യസ് ഉഭയകക്ഷി ബന്ധം

കൂടുതൽ ശക്തിപ്പെടുമെന്ന് രാഷ്ട്രപതി ആത്മവിശ്വാസം പ്രകടിപ്പിച്ചു. ഇന്ത്യയുടെ അയൽപക്കം ആദ്യം നയം, മഹാസാഗർ ദർശനം, ഗ്ലോബൽ സൗത്ത് ആശയം എന്നിവയിൽ മൗറീഷ്യസിന് പ്രത്യേക സ്ഥാനമുണ്ടെന്ന് രാഷ്ട്രപതി പറഞ്ഞു. ന്യൂഡൽഹിയിൽ കോൺഗ്രസ് പാർലമെന്ററി പാർട്ടി ചെയർപേഴ്സൺ സോണിയ ഗാന്ധിയെയും പാർട്ടി നേതാവ് രാഹുൽ ഗാന്ധിയെയും മൗറീഷ്യസ് പ്രധാനമന്ത്രി സന്ദർശിച്ചു. ഈ മാസം 9 ന് ഇന്ത്യയിലെത്തിയ മൗറീഷ്യസ് പ്രധാനമന്ത്രിയുടെ സന്ദർശനം ഇന്ന് അവസാനിക്കും.

*********************

## PM MP VISIT

പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ മധ്യപ്രദേശ് സന്ദർശിക്കും. സ്വസ്ഥ നാരി സശക്ത് പരിവാർ പദ്ധതിക്കും എട്ടാമത് രാഷ്ട്രീയ പോഷണ മാഹ് പരിപാടിക്കും പ്രധാനമന്ത്രി തുടക്കം കുറിക്കും.

*********************

## PM- BHARATIYA MODEL

സബ്കാ സാത്ത്, സബ്കാ വികാസ്, സബ്കാ വിശ്വാസ്, സബ്കാ പ്രയാസ് - എന്ന ദർശനം സംബന്ധിച്ച കേന്ദ്രമന്ത്രി മൻസുഖ് മാണ്ഡവ്യയുടെ ലേഖനം സമൂഹമാധ്യമത്തിൽ പങ്കുവച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി. ക്ഷേമ ആനുകൂല്യങ്ങൾ നേരിട്ട് വിതരണം ചെയ്യപ്പെടുന്നതും, ഡിജിറ്റൽ ഏകോപനത്തിലൂടെ അടിസ്ഥാന സൗകര്യ വികസനം ആസൂത്രണം

ചെയ്യപ്പെടുന്നുന്നതും ലേഖനത്തിൽ വിശദീകരിക്കുന്നു. ഗുജറാത്തിൽ ആദ്യം നടപ്പിലാക്കിയ ഭാരതീയ മാതൃക എന്നാണ് പ്രധാനമന്ത്രി ഈ സമീപനത്തെ വിശേഷിപ്പിച്ചത്.

**********************

## SEVA PARV – SOLAR ALLIANCE(INTRO )

പൊതുസേവനവും സദ്ഭരണവും മുഖമുദ്രയാക്കിയാണ് കഴിഞ്ഞ 11 വർഷമായി കേന്ദ്ര സർക്കാർ മുന്നോട്ടു പോകുന്നത്. ആകാശവാണി അവതരിപ്പിക്കുന്ന പ്രത്യേക പരമ്പര 'സേവ പർവ്' പരിപാടിയിൽ ഇന്ന് അന്താരാഷ്ട്ര സൗരോർജ്ജ സഖ്യത്തിന്റെ ഭാഗമായി ആഗോള നേതൃനിരയിലേക്ക് മുന്നേറാനുള്ള ഇന്ത്യയുടെ ശ്രമങ്ങൾ വിശദീകരിക്കുന്നു.

(വോയിസ് ലിഖിത..... )

(മ്യൂസിക് )

*കാലാവസ്ഥാ വെല്ലുവിളികൾക്കെതിരെയുള്ള പോരാട്ടം മുതൽ ഹരിത ഊർജ്ജത്തിനു നൽകുന്ന പ്രത്യേക പ്രാധാന്യം വരെ, ദേശീയ താൽപ്പര്യങ്ങൾ മുൻനിർത്തി ഇന്ത്യ അന്താരാഷ്ട്ര സംവാദത്തിന് രൂപം നൽകിയിട്ടുണ്ട്. 2015 നവംബറിൽ പാരീസിൽ നടന്ന COP21 ൽ പ്രധാനമന്ത്രി നരേന്ദ്രമോദിയും ഫ്രഞ്ച് പ്രസിഡന്റ് ഫ്രാങ്കോയിസ് ഹോളണ്ടും ചേർന്നാണ് അന്താരാഷ്ട്ര സോളാർ അലയൻസ് ആരംഭിച്ചത്. 2030 ഓടെ ആയിരം ബില്യൺ ഡോളറിലധികം സൗരോർജ്ജ നിക്ഷേപങ്ങൾ സമാഹരിക്കുകയാണ് ലക്ഷ്യമിടുന്നത്. ലോകത്തിന് വലിയ പ്രതീക്ഷയായി അന്താരാഷ്ട്ര സോളാർ അലയൻസ് ഉയർന്നു*

*വരുന്നതായി ന്യൂ ഡൽഹിയിൽ ISA യുടെ ആദ്യ സമ്മേളനം ഉദ്ഘാടനം ചെയ്തുകൊണ്ട് പ്രധാനമന്ത്രി പറഞ്ഞു.*
*( വോയിസ് പ്രധാനമന്ത്രി.... )*
*ചെലവ് കുറഞ്ഞതും പരിവർത്തനാത്മകവുമായ ഊർജ്ജ പരിഹാരങ്ങളിലൂടെ കുറഞ്ഞ കാർബൺ വളർച്ച കൈവരിക്കാനാണ് ISA ശ്രമിക്കുന്നത്.*
*ആഗോള സോളാർ ഗ്രിഡ് വിഭാവനം ചെയ്യുന്നതാണ് ഇന്ത്യയുടെ 'ഒരു സൂര്യൻ, ഒരു ലോകം, ഒരു ഗ്രിഡ്' സംരംഭം. ദക്ഷിണേഷ്യ മുതൽ ആഫ്രിക്ക, യൂറോപ്പ് വരെയുള്ള പ്രദേശങ്ങളിലുടനീളം സൗരോർജ്ജ വിഭവങ്ങൾ കൂട്ടിയിണക്കുക എന്നതാണ് സംരംഭത്തിന്റെ ലക്ഷ്യം.*
*ന്യൂസ്ഡെസ്ക് ആകാശവാണി.....*
*( മ്യൂസിക് )*

*********************

## SWACHHATA HI SEVA

കേന്ദ്രസർക്കാരിന്റെ സ്വച്ഛതാ ഹി സേവ 2025 കാമ്പയിന് നാളെ തുടക്കമാകും. ഈ വർഷത്തെ കാമ്പയിൻ സ്വച്ഛോത്സവ് - ശുചിത്വത്തിന്റെ ഉത്സവം ആയി ആഘോഷിക്കും. കേന്ദ്ര മന്ത്രിമാരായ മനോഹർ ലാലും സിആർ പാട്ടീലും ന്യൂഡൽഹിയിൽ സംയുക്തമായി നടത്തിയ വാർത്താ സമ്മേളനത്തിലാണ് ഇക്കാര്യം പ്രഖ്യാപിച്ചത്.

*********************

## SPECIAL CLEANLINESS CAMPIAGN

സ്ഥാപനങ്ങളിൽ മികച്ച ശുചിത്വ ശീലങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനൊപ്പം തീർപ്പാക്കാത്ത

ജോലികൾ പൂർത്തിയാക്കുന്നതിനും ലക്ഷ്യമിട്ട് തൊഴിൽ മന്ത്രാലയം ഒരു മാസം നീണ്ടുനിൽക്കുന്ന പ്രത്യേക കാമ്പെയ്ൻ 5.0 പ്രഖ്യാപിച്ചു. അടുത്ത മാസം 2 മുതലാണ് ക്യാമ്പയിന് തുടക്കമാവുക. സുതാര്യത, പൗരന്മാർക്ക് പ്രഥമ പരിഗണന, കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പാക്കുക തുടങ്ങിയവയിലാണ് ക്യാമ്പയിൻ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്.

*********************

## SHIVRAJ-RABI CAMPAIGN

2025-26 റാബി കാലയളവിൽ 362.50 ദശലക്ഷം ടൺ ഭക്ഷ്യധാന്യ ഉത്പാദനമാണ് ലക്ഷ്യമിടുന്നതെന്ന് കേന്ദ്ര കൃഷി മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ. ദേശീയ കാർഷിക സമ്മേളനത്തോട് അനുബന്ധിച്ച് സംസ്ഥാന കൃഷി മന്ത്രിമാരുമായി നടത്തിയ ചർച്ചകൾക്ക് ശേഷം ന്യൂഡൽഹിയിൽ വാർത്താ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. 2024-25 ലെ ഉൽപാദനത്തേക്കാൾ 2.4 ശതമാനം കൂടുതൽ ഉത്പാദനമാണ് ലക്ഷ്യമിടുന്നത്. രാജ്യത്തിന്റെ ആവശ്യങ്ങൾ നിറവേറ്റുന്നതിന് മതിയായ ധാന്യവിത്ത് ശേഖരം ലഭ്യമാണെന്ന് കേന്ദ്രമന്ത്രി വ്യക്തമാക്കി.

*********************

## GST REFORMS- TRACTORS

പുത്തൻ തലമുറ ജിഎസ്ടി പരിഷ്കാരങ്ങളിലൂടെ, ട്രാക്ടറുകളുടെയും അനുബന്ധ ഘടകങ്ങളുടെയും

നികുതി കുറയ്ക്കാനുള്ള കേന്ദ്ര സർക്കാർ തീരുമാനം കർഷകർക്ക് ആശ്വാസമാകുന്നു. വിവിധ കാർഷിക ഉപകരണങ്ങളുടെ ജിഎസ്ടി 12 ശതമാനത്തിൽ നിന്ന് 5 ശതമാനമായാണ് കുറച്ചത്. പുതിയ ചരക്ക് സേവന നികുതി നിരക്കുകൾ ഈ മാസം 22 മുതൽ പ്രാബല്യത്തിൽ വരും.

*********************

## ASSEMBLY GENERAL

കേരളത്തിലെ പൊലീസ് അതിക്രമങ്ങളും കസ്റ്റഡി മർദ്ദനവും സംബന്ധിച്ച വിഷയം ഇന്ന് നിയമസഭ ചർച്ച ചെയ്തു. കോൺഗ്രസിലെ റോജി എം ജോൺ ആണ് വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യാനുള്ള ഉപക്ഷേപത്തിന് നോട്ടീസ് നൽകിയത്. കുറ്റം ചെയ്ത പോലീസ് ഉദ്യോഗസ്ഥരെ പുറത്താക്കുമെന്ന് മുഖ്യമന്ത്രി അറിയിക്കുന്നതു വരെ എംഎൽഎമാരുടെ നിയമസഭാ കവാടത്തിലെ അനിശ്ചിത കാല സത്യാഗ്രഹം തുടരുമെന്ന് പ്രതിപക്ഷ നേതാവ് പ്രഖ്യാപിച്ചു. തെറ്റു ചെയ്ത പോലീസുകാരെ സംരക്ഷിക്കുന്നതു സർക്കാർ നയമല്ലെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ മറുപടിയായി അറിയിച്ചു.

*********************

## Amebic encephalitis

കേരളത്തിൽ അമീബിക്ക് മസ്തിഷ്ക ജ്വര ലക്ഷണങ്ങളോടെ ഒരാളെ കൂടി കോഴിക്കോട് മെഡിക്കൽ കോളേജിൽ പ്രവേശിപ്പിച്ചു. പാലക്കാട് സ്വദേശിയായ യുവാവിനാണ് രോഗബാധ

സംശയിക്കുന്നത്. യുവാവിന്റെ ആരോഗ്യ നില തൃപ്തികരമെന്ന് അധികൃതർ അറിയിച്ചു. ശക്തമായ ജാഗ്രത തുടരണമെന്ന് ആരോഗ്യവകുപ്പ് നിർദേശിച്ചു.

*********************

## SABARIMALA

കന്നിമാസ പൂജകൾക്കായി ശബരിമല ക്ഷേത്ര നട തുറന്നു. ആയിരക്കണക്കിന് അയ്യപ്പ ഭക്തരാണ് ഇന്ന് ദർശനത്തിനെത്തിയത്. കന്നിമാസ പൂജകൾ പൂർത്തിയാക്കി ഈ മാസം 21 ന് രാത്രി 10നു നട അടയ്ക്കും. പമ്പയിൽ സംഘടിപ്പിക്കുന്ന ആഗോള അയ്യപ്പ സംഗമം ഈ മാസം 20ന് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.

*********************

## PRAVASI COMMISSION

വിദേശത്ത് ജോലി നൽകാമെന്ന പത്ര പരസ്യങ്ങളിൽ വഞ്ചിതരാകുന്നവരുടെ എണ്ണം വർധിക്കുന്നതായി പ്രവാസി കമ്മീഷൻ ചെയർപേഴ്സൺ. അംഗീകാരമില്ലാത്ത ഏജൻസികളെ കുറിച്ച് പൊതുജനങ്ങൾക്ക് അവബോധം നൽകുന്നതിൽ മാധ്യമങ്ങളും ശ്രദ്ധിക്കണമെന്ന് കമ്മീഷൻ കാക്കനാട് നടന്ന അദാലത്തിൽ പറഞ്ഞു.

*********************

## PM MEMENTO AUCTION

പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് ലഭിച്ച ആയിരത്തി മുന്നൂറിലധികം സമ്മാനങ്ങൾ ഇന്ന് മുതൽ ഓൺലൈനായി ലേലം ചെയ്യുമെന്ന് കേന്ദ്ര മന്ത്രി ഗജേന്ദ്ര സിംഗ്. പ്രധാനമന്ത്രിയുടെ മെമെന്റോസ്

ഇ-ലേലത്തിന്റെ ഏഴാം പതിപ്പിനെ ന്യൂഡൽഹിയിൽ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ലേലത്തിൽ നിന്ന് ലഭിക്കുന്ന പണം നമാമി ഗംഗെ ദൗത്യം പോലുള്ള സർക്കാർ സംരംഭങ്ങളിൽ നിക്ഷേപിക്കും. ലേലത്തിന്റെ മുൻ പതിപ്പിലൂടെ സർക്കാരിന് അമ്പത് കോടിയിലധികം രൂപ ലഭിച്ചതായും കേന്ദ്രമന്ത്രി അറിയിച്ചു.

*********************

## NADDA-MEDTECH FORUM

ഇന്ത്യയിലെ ആരോഗ്യ പരിവർത്തനത്തിന്റെ പ്രധാന സ്തംഭമാണ് മെഡ്ടെക് മേഖലയെന്ന് ആരോഗ്യ മന്ത്രി ജെ പി നഡ്ഡ. 11-ാമത് ഏഷ്യ പസഫിക് മെഡ്ടെക് ഫോറം 2025 ന്റെ ഉദ്ഘാടന സമ്മേളനത്തെ വെർച്വലായി അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ഇന്ത്യയിൽ ഏഷ്യ പസഫിക് മെഡിക്കൽ ടെക്നോളജി അസോസിയേഷൻ അംഗങ്ങളുടെ പങ്കാളിത്തം വർധിക്കുന്നതായി കേന്ദ്ര മന്ത്രി ചൂണ്ടിക്കാട്ടി.

*********************

## AMIT SHAH (INTRO)

രാജ്യത്ത് നിന്ന് മയക്കുമരുന്ന് ശൃംഖലയെ തുടച്ചുനീക്കാൻ കേന്ദ്ര സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ. വിദേശത്ത് നിന്ന് പ്രവർത്തിക്കുന്ന എല്ലാ മയക്കുമരുന്ന് കച്ചവട സംഘങ്ങളെയും ഇന്ത്യൻ നിയമങ്ങളുടെ പരിധിയിൽ കൊണ്ടുവരേണ്ടതുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. മയക്കുമരുന്ന് വിരുദ്ധ ടാസ്ക്

ഫോഴ്സ് സംസ്ഥാന, കേന്ദ്ര ഭരണ പ്രദേശ മേധാവികളുടെ രണ്ടാം ദേശീയ സമ്മേളനം ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ എല്ലാ വകുപ്പുകളുടെയും കൂട്ടായ ശ്രമത്തിലൂടെ മാത്രമേ മയക്കുമരുന്നിനെതിരായ പോരാട്ടം വിജയിക്കൂ എന്ന് ശ്രീ ഷാ കൂട്ടിച്ചേർത്തു.
( വോയിസ്.... )

**********************

## MANDAVIYA - MOU

തൊഴിൽ രംഗത്തെ കാര്യക്ഷമതയും തൊഴിലാളികളുടെ ക്ഷേമവും വർദ്ധിപ്പിക്കുന്നതിനായി ഡിജിറ്റൽ സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തണമെന്ന് കേന്ദ്ര മന്ത്രി മൻസുഖ് മാണ്ഡവ്യ. കേന്ദ്ര സർക്കാരും അന്താരാഷ്ട്ര തൊഴിൽ സംഘടനയും തമ്മിൽ ധാരണാ പത്രം ഒപ്പുവച്ച ചടങ്ങിൽ ഓൺലൈനായി പങ്കെടുക്കുകയായിരുന്നു അദ്ദേഹം. ഇത്തരത്തിലുള്ള സഹകരണം യുവാക്കൾക്ക് ആഗോള തലത്തിൽ മികച്ച തൊഴിലവസരങ്ങൾ ലഭിക്കാൻ സഹായകമാകുമെന്ന് ശ്രീ മാണ്ഡവ്യ പറഞ്ഞു.

**********************

## SMRITI MANDHANA-RANKING

ഐസിസി വനിതാ ക്രിക്കറ്റ് ഏകദിന ബാറ്റിംഗ് റാങ്കിംഗിൽ ഒന്നാം സ്ഥാനം തിരിച്ചുപിടിച്ച് ഇന്ത്യൻ വൈസ് ക്യാപ്റ്റൻ സ്മൃതി മന്ദാന. ന്യൂ ചണ്ഡീഗഢിൽ ഓസ്ട്രേലിയയ്ക്കെതിരെ നടന്ന ഏകദിന പരമ്പരയിലെ ആദ്യ മത്സരത്തിൽ

അർദ്ധസെഞ്ചുറി നേടിയതോടെയാണ് സ്മൃതി മന്ദാന വീണ്ടും ഒന്നാം സ്ഥാനത്തെത്തിയത്. ഇംഗ്ലണ്ട് ക്യാപ്റ്റൻ നാറ്റ് സ്കൈവർ-ബ്രണ്ടിനെ പിന്തള്ളിയാണ് മന്ദാനയുടെ നേട്ടം.

*********************

## ASIA CUP

ഏഷ്യാകപ്പ് ട്വന്റി-20 ക്രിക്കറ്റിൽ ഇന്ന് ബംഗ്ലാദേശ്, അഫ്ഗാനിസ്ഥാനെ നേരിടും. ഇന്ത്യൻ സമയം രാത്രി 8 മണിക്ക് അബുദാബി ഷെയ്ഖ് സായിദ് ക്രിക്കറ്റ് സ്റ്റേഡിയത്തിലാണ് മത്സരം.

*********************

************

***